Mathrubhumi 21-11-18, P-06

# നാലിനം പുതിയ മരച്ചീനി

## പരീക്ഷണക്കൃഷിയുമായി കുഞ്ഞിരാമൻ

നിത എസ്.വി.

പുതിയ നാലിനം മരച്ചീനികളുടെ പരീക്ഷണകൃഷിയുമായി കോഴിക്കോട് പേരാമ്പ്രയിലെ കല്ലോട് സ്വദേശി കുഞ്ഞിരാമൻ. ഐ.സി.എ.ആറിനുകീഴിൽ ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങുവർഗവിള ഗവേഷണകേന്ദ്രത്തിലെ പ്രിൻസിപ്പൽ സയൻറിസ്റ്റായ ഡോ. സൂസൺ ജോണിൻെറ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്തവയാണിവ. കേരളത്തിലെ കർഷകർക്കിടയിൽ പുതിയ ഇനങ്ങൾക്ക് എത്രമാത്രം സ്വീകാര്യതയുണ്ടാകുമെന്നറിയാനാണ് പരീക്ഷണം.

നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ മൂലകങ്ങൾ ആഗിരണംചെയ്ത് ചെടിയുടെ വളർച്ചയ്ക്ക് ഉപയുക്തമാക്കാനുള്ള കഴിവാണ് ഈ നാലിനം മരച്ചീനിയുടെയും പ്രത്യേകത. എൻ.പി.കെ. മിശ്രിതത്തിൻെറ അനുവദിക്കപ്പെട്ട അനുപാതത്തിൽനിന്ന് 75 ശതമാനം കുറച്ച് മണ്ണിൽ പ്രയോഗിച്ചപ്പോഴും 100 ശതമാനം വളപ്രയോഗം നടത്തുമ്പോഴുള്ള അതേ വിളവ് ലഭിക്കുന്നതായി കണ്ടെത്തി. സാധാരണ മരച്ചീനികളിൽ കാണുന്ന കുരുടിപ്പ് രോഗവും കുറവാണ്.

കോഴിക്കോട് കൃഷിവിജ്ഞാനകേന്ദ്രംവഴി ലഭിച്ച മരച്ചീനിത്തണ്ടുകൾ എട്ടുമാസമായി നന്നായി വളരുന്നു. ഒമ്പത് മാസമായാൽ വിളവെടുക്കാം. വളപ്രയോഗം ആവശ്യമില്ലാതെ കൂടുതൽ വിളവ് നൽകുന്ന ഇനങ്ങളാണ് ഇവ. ജൈവകർഷകർക്ക് ഉപയോഗപ്പെടുത്താം.

പുറമേ കേന്ദ്രസർക്കാർ ഫാമുകളിലെ വിത്തുത്പാദന കേന്ദ്രത്തിൽനിന്ന് വിത്ത് ശേഖരിച്ച് കുഞ്ഞിരാമൻ വ്യത്യസ്ത വിളകളുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണംചെയ്യുന്നുമുണ്ട്. കുറ്റിക്കുരുമുളക്, വെറ്റില, തിപ്പലി, കറ്റാർവാഴ എന്നിവയും ഇവിടെ കൃഷിചെയ്യുന്നു. കോഴികളെയും വളർത്തുന്നു.



കുഞ്ഞിരാമൻ

### കുറ്റ്യാടി തെങ്ങിൻതൈകൾ

ഈ കർഷകൻെറ വീട്ടുമുറ്റത്തുള്ള 'കീഴലത്ത് കാർഷികനഴ്സറി'യിൽ കുറ്റ്യാടി തെങ്ങിൻതൈകൾ വിൽപ്പനയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. അത്യുത്പാദനശേഷിയുള്ള തൈ തയ്യാറാക്കുന്ന വിധമാണ് കുഞ്ഞിരാമൻ വ്യക്തമാക്കുന്നത്. ''വിത്തിനായി തയ്യാറാക്കുമ്പോൾ തേങ്ങ മുകളിൽനിന്ന് കയർകെട്ടി താഴ്ത്തണം. കുംഭമാസത്തിലെ തേങ്ങയാണ് വേണ്ടത്. ഈ തേങ്ങ മഞ്ഞും വെയിലും പുകയും കൊള്ളിച്ചശേഷം കുളത്തിലെ വെള്ളത്തിലിടുന്നു. 10 ദിവസത്തിനുള്ളിൽ വെള്ളത്തിൽനിന്ന് എടുക്കും. മുളവന്നശേഷം കമഴ്ത്തിവെക്കും. നടുവിലൂടെ മുളവരാനാണ് ഇങ്ങനെ ചെയ്യുന്നത്. ഇങ്ങനെ മുളപ്പിച്ച തേങ്ങ ചകിരിമാലിന്യം, ചാണകപ്പൊടി, മണ്ണ് എന്നിവ ചേർത്ത പാക്കറ്റുകളിൽ കുഴിച്ചിടുന്നു.''

### വിത്തിഞ്ചിയും മഞ്ഞളും

പ്രഗതി, പ്രതിഭ, സുദർശന എന്നീയിനങ്ങളിലുള്ള മഞ്ഞളിൻെറ വിത്തുകളും വരദ എന്നയിനത്തിൽപ്പെട്ട ഇഞ്ചി വിത്തുകളും ഇവിടെ ഉത്പാദിപ്പിച്ച് വിതരണംചെയ്യുന്നു. ചാവക്കാടൻ ഓറഞ്ച് ഡ്വാർഫിൻെറ തൈകളും ഉണ്ട്. ആവശ്യക്കാർക്ക് സമീപിക്കാം. ഫോൺ: 9645055963.

# യഥാർഥ ക

പ്രമോദ് മാധവൻ

വിപണിയിൽ രണ്ടുതരത്തിലുള്ള കറുവപ്പട്ട ലഭ്യമാണ്. ശ്രീലങ്കൻ കറുവപ്പട്ടയും കാഷ്യയും. ആദ്യത്തേത് സിന്നമോമം സെയ്‌ലാനിക്കം, സിന്നമോമം വീരം എന്നിങ്ങനെയുള്ള ശാസ്ത്രനാമങ്ങളാലും രണ്ടാമ